In the above mentioned situations, we humbly request you to issue necessary orders for removing the restriction imposed for the LWA to the few categories of employees. **There is no doubt that such a step will be much beneficial to the KSEB in getting its employees more motivated and will give them a chance to explore International level of expertise.** This will also create indirect jobs to the unemployed and will benefit for the economic growth of our state. We sincerely hope for a positive approach from your goodself.

Your kind, favourable orders are awaited.

Thanking you,

Yours faithfully,

(K R Venugopal)
President

Dubai, UAE,
27.07.2011.

Copy submitted to:

1. Adv. B. Babu Prasad, Member, KSEB.
2. Sri. S. Venugopal, Member (Finance).
3. Sri. Daya Pradeep C.K, Member (Distribution & Transmission).
4. Smt. Annamma John, Member (Generation)
5. Sri. Abdul Rahiman Sait I, Chief Engineer (HRM), KSEB.

| Patron | President | Secretary | Joint Secretaries | |
|---|---|---|---|---|
| A. Abdul Shukkoor | K.R Venugopal | Bipin Shanker | Radhakrishnan Nair | P V Ajayachandran |

# പരിശീലനങ്ങളുടെ പൊരുൾ

*ഡോ.സി.രാമചന്ദ്രൻ*
*മാനേജ്മെന്റ് കൺസൾട്ടന്റ്*
*(മുൻ.ഡെപ്യൂട്ടീ ചീഫ് എൻജിനിയർ)*

ഓരോ സംഭവത്തെയും വ്യക്തിയെയും കാഴ്ചയെയും എല്ലാം ഓരോ മനുഷ്യനും ഓരോ തരത്തിൽ മനസിലാക്കുകയും വ്യക്തമായും അവ്യക്തമായും പ്രതികരിക്കുകയും ചെയ്യും. ഈ പ്രതികരണങ്ങളും വ്യത്യസ്ഥമായിരിക്കും, ഓരോ ആളിലും, ഇവയെല്ലാം ജനനത്തിനു മുമ്പ് അമ്മയുടെ ഉദരത്തിൽ (ഏഴാം മാസം തുടങ്ങി)കഴിയുന്ന സമയം മുതൽ അവന്റെ മസ്തിഷ്ക്കത്തിൽ പതിയുന്ന അനുഭവങ്ങളുടെ ഇംപൾസുകൾക്കും അതിനുശേഷം ഭൂമിയിൽ ജനിച്ച് ഉൾക്കൊള്ളുന്നഅനുഭവങ്ങൾക്കും അനുസൃതമായി തന്നെ ആയിരിക്കും. ഇങ്ങനെ ഓരോരുത്തരും അവരവരുടേതായ ഓരോ 'കാഴ്ചപ്പാടുകൾ' അവർ പോലും അറിയാതെ രൂപപ്പെടുത്തിയിരിക്കും. ഈ അടിസ്ഥാന വൃത്തത്തിനുള്ളിൽ നിന്നാണ് വ്യക്തികൾ അവർക്കുണ്ടാകുന്ന പുതുപുത്തൻ അനുഭവങ്ങളെ വിലയിരുത്തുന്നതും ജീവിതം തന്നെ മുന്നോട്ടു പോകുന്നതും. ഇതിനെയാണ് 'പാരഡി' Paradigm-എന്ന് മനഃശാസ്ത്രത്തിൽ പറയുന്നത്. അല്പം കൂടി വിശദീകരിച്ചാൽ ഏവരും ഓരോ വസ്തുവിനോടും വസ്തുതയോടും തങ്ങൾക്കെങ്ങനെ തോന്നുന്നു എന്ന രീതിയിൽ പ്രതികരിക്കുന്നു. അല്ലാതെ ആ വസ്തുവുമായി കാണാൻ ഒട്ടു മിക്കവരെകൊണ്ടും കഴിയാറില്ല, പലരും അതിന് ശ്രമിക്കാറുമില്ല. ഇങ്ങനെ വ്യക്തികളിൽ സ്വന്തം പാരഡികൾ രൂപപ്പെടുന്നു.

ഇവിടെയാണ് ഏറെപ്പേരും അടി സ്ഥാന 'നിഷ്പക്ഷത' യിൽ നിന്നും വ്യതിചലിക്കുന്നതായി കാണുന്നത്. ഇത് ഒരു വലിയ അളവുവരെ പ്രകൃതിനിയമം കൂടിയാണ്. സാധാരണ ഗതിയിൽ ഈ പാരഡി മാറ്റിമറിക്കാൻ പ്രയാസമാണ്. അതുകൊണ്ടാണ് മാറ്റങ്ങൾ ഒരു സമൂഹത്തിലോ സ്ഥാപനത്തിലോ വ്യക്തിയിലോ വരുത്താൻ ശ്രമിച്ചാലും ഒരു പരിധി കഴിഞ്ഞാൽ വീണ്ടും പഴയ രീതിയിലേക്ക് മടങ്ങി പോകുന്നത്. അടിസ്ഥാന മാറ്റങ്ങൾ നിലനിർത്തണമെങ്കിൽ ഈ പാരഡികളിൽ വ്യതിയാനം വരുത്തണം. ഈ പ്രതിഭാസത്തെയാണ് *Paradigm Shift*-എന്ന പേരിൽ മനഃശാസ്ത്രജ്ഞൻമാർ കണക്കാക്കുന്നത്. നമ്മുടെ സ്ഥാപനത്തിലെ ജീവനക്കാർക്കും, ഉദ്യോഗസ്ഥന്മാർക്കും മറ്റും നാം നൽകി വരുന്ന വ്യക്തിത്വവികസന പരിപാടികൾ ഒക്കെയും ഒരു Paradigm Shift സാധ്യമാക്കാൻ വേണ്ടിത്തന്നെയാണ്. ഈ മാറ്റത്തിനു വേണ്ടിയുള്ള പ്രചോദനങ്ങൾ പല വ്യക്തികളിലും പല രീതിയിലാണ് പ്രതിഫലിക്കാറുള്ളത്. ചിലർ വളരെ വേഗം അത് സ്വമേധയാ ഉൾക്കൊള്ളും. മറ്റുചിലർ മറ്റുള്ളവരുടെ മാറ്റങ്ങൾ കണ്ട് സ്വയം മാറാൻ ശ്രമിക്കും. മൂന്നാമത് ഒരു കൂട്ടർ എന്തു ചെയ്താലും മാറുകയില്ല. ഇതിനെല്ലാം മനഃശാസ്ത്രത്തിൽ പ്രത്യേകം പ്രത്യേകം പേരുകളും ഉണ്ട്. അടിസ്ഥാനപരമായ മാറ്റങ്ങൾ വ്യക്തികളിലും കുടുംബങ്ങളിലും അങ്ങനെ സമൂഹത്തിലും സൃഷ്ടിച്ച് നിലനിർത്തണമെങ്കിൽ അനിവാര്യമായ ഇത്തരം പാരഡിമാറ്റങ്ങൾ ഉറപ്പാക്കേണ്ടിയിരിക്കുന്നു. ബോധപൂർവ്വമായുള്ള ഇത്തരം പാരഡി മാറ്റങ്ങൾ തന്നെയാണ് ഭീകരതയെ സൃഷ്ടിക്കാനുള്ള ട്രെയിനിങ്ങ് ക്യാമ്പുകളിൽ നടന്നു വരുന്നതും. തല്ഫലമായാണ് പലപ്പോഴും- എത്ര സൗമ്യനായിരുന്നു ഈ ചെറുപ്പക്കാരൻ, (അവൻ ഇങ്ങനെ ക്രൂരനായിപ്പോയല്ലോ എന്നും, ഇവൻ എന്തു മോശക്കാരനായിരുന്നു

⇨

ഇന്ന് അവൻ എത്ര നല്ലവൻ) എന്നും നമുക്ക് പലരെക്കുറിച്ചും പറയാൻ ഇട വരുന്നതും. സനാതന ധർമ്മസ്ഥാപനങ്ങളെല്ലാം തന്നെ ഇത്തരം ആശാവഹമായ അടിസ്ഥാനമാറ്റങ്ങൾ വരുത്തേണ്ടവ തന്നെയാണല്ലോ.

വ്യക്തിയിലെ ഏറ്റവും പ്രായോഗികമായ അടിസ്ഥാന പാരഡിമാറ്റം നടപ്പാക്കാൻ കഴിഞ്ഞത് സാക്ഷാൽ ശ്രീകൃഷ്ണഭഗവാനാണ്. ചുറ്റും ആയുധ സജ്ജരായി നിരന്നു നിൽക്കുന്ന ബന്ധു മിത്രാദികളെ കണ്ട് യുദ്ധത്തിന് താനില്ലെന്ന് പരവശനായി വിലപിച്ച അർജ്ജുനനെ അസാധാരണമായ ഒരു Paradigm Shift-ന് ഭഗവാനന്ന് വിധേയനാക്കിയത് മനുഷ്യ മനഃശാസ്ത്രത്തിലെ എക്കാലത്തെയും മികച്ച പരിശീലനാതിശയമാണല്ലോ.

'ഹതോവാപ്രാപ്സ്യസി സ്വർഗ്ഗം,
ജിത്വാ, വാഭോഷ്യസേ മഹിം
തസ്മാദുത്തിഷ്ഠ കൗന്തേയ
യുദ്ധായ കൃതനിശ്ചയം.'

കെല്ലപ്പെട്ടാൽ സ്വർഗ്ഗം പൂകാം, ജയിച്ചാൽ രാജ്യാധിപത്യം നേടാം, അതുകൊണ്ട് അർജ്ജുനാ, യുദ്ധം ചെയ്യാൻ ഉറച്ച് എഴുന്നേൽക്കുക, എന്ന അസാധാരണ പ്രോത്സാഹനം (Motivation) നൽകിയാണ് യഥാർത്ഥ പാരഡിമാറ്റം അർജ്ജുനനിൽ നടപ്പാക്കിയത്.

വ്യക്തികളിൽ രൂഢമൂലമായിരിക്കുന്ന ഇത്തരം ചിന്താസങ്കല്പനന രീതികളിൽ നിന്നും രക്ഷപെടാനുള്ള മാർഗ്ഗവും ശ്രീകൃഷ്ണനിലെ മനഃശാസ്ത്രജ്ഞൻ സമർത്ഥമായി അവതരിപ്പിക്കുന്നു.

'അഭ്യാസേന ച കൗന്തേയ
വൈരാഗ്യേണ ച ഗൃഹ്യതേ'

അതായത് മാറ്റങ്ങൾക്ക് വ്യക്തികളെ സജ്ജരാക്കാനുള്ള- ട്രെയിനിംഗുകളിൽ ഉപയോഗിക്കാവുന്ന രണ്ട് മാർഗ്ഗങ്ങൾ അഭ്യാസവും വൈരാഗ്യവുമാണ്.

ഒന്ന്. നിരന്തര സാധന. മറ്റേത് എന്തും ഉപേക്ഷിക്കുവാനുള്ള അപ്രതിഹതമായ മനോനില. ഇവയിൽകൂടി വ്യക്തികളെ മോട്ടിവേഷൻ ടെക്ക്നിക്കുകൾക്ക് വിധേയമാക്കി പുതു പുത്തൻ ചക്രവാളങ്ങളിലയ്ക്ക് നയിക്കുകയാണല്ലോ നമ്മുടെ ലക്ഷ്യം. ഇത്തരം ടെക്നിക്കുകൾ സമർത്ഥമായി ഉപയുക്തമാക്കി പാരഡിമാറ്റത്തിന് വിധേയമായി വ്യക്തികളേയും സ്ഥാപനങ്ങളേയും ലോകോത്തര നിലവാരത്തിലേയ്ക്ക് ഉയർത്തിയ ധാരാളം അനുഭവങ്ങൾ നമുക്ക് ചുറ്റുമുണ്ടല്ലോ. പരിശീലനങ്ങളെ പ്രയോജനപ്പെടുത്തി നമുക്കും മുന്നേറാം.

✵

# മണിക്കുട്ടൻ

*കെ.പി. ഗോപാലകൃഷ്ണൻ,*
*മുൻഡെപ്യൂട്ടി ചീഫ് എൻജിനിയർ*

(മഹാകവി വൈലോപ്പിള്ളി ശ്രീധരമേനോന്റെ ജന്മശതാബ്ദി വർഷത്തിൽ മഹാകവിക്ക് ആദരാഞ്ജലികൾ)

'അങ്കണതൈമാവിൽ നിന്നാദ്യത്തെ പഴം വീഴ്കെ'
എൻ മനോമുകുരത്തിൽ തെളിയുന്നോമൽ പൈതൽ
അമ്മതൻ മണിക്കുട്ടൻ, പൂത്തിരി കത്തിച്ചപോൽ
അങ്ങേതോലോകത്തിലേക്കോടിപ്പോയൊളിച്ചവൻ.

പൂവുകൾ കനിയായി മാറുമെന്നറിയാതെ
കേവലമാഹ്ളാദത്തിൻ തിമിർപ്പിൽ കൈകൾ നീട്ടി
പൂക്കുലക്കൂട്ടങ്ങളെ ഞെട്ടിൽ നിന്നടർത്തവെ
ഓതി ഞാൻ, 'മണിക്കുട്ടാ തല്ലു കൊള്ളാഞ്ഞിട്ടല്ലേ?'

തല്ലു കൊള്ളുവാനവൻ കാത്തു നിന്നതേയില്ല
അങ്ങേതോ സ്വർഗ്ഗത്തിലോടിപ്പോയൊളിച്ചവൻ.
'മാങ്കനി പെറുക്കുവാൻ ഞാനുണ്ടാവില്ലെമ്മേ'
ഓതുമ്പോളറിഞ്ഞുവോ ദീർഘ ദർശിയാമവൻ?

രാത്രിയിലൊരു മിന്നും താരമായാകാശത്തിൽ
പൂത്തിരി കത്തിച്ചപോൽ പുഞ്ചിരി പൊഴിച്ചു കൊ-
ണ്ടോതുന്നുണ്ടാവാ,'മമ്മേ അമ്മ തൻ മണിക്കുട്ടൻ
കാണുവാൻ കൊതിക്കുന്നു; അമ്മയും പോരൂ വേഗം

# അമേരിക്കൻ സാമ്പത്തിക പ്രതിസന്ധി

*Er.V.Rajan, Retd.DyCE*

കമ്പനികളുടെയും രാജ്യങ്ങളുടെയും ധനകാര്യഭദ്രത, എന്ന് വെച്ചാൽ വാങ്ങിയ കാശ് (കടം) തിരിച്ച് നല്കാനുള്ള കഴിവിനെ വിലയിരുത്തുന്ന സ്ഥാപനങ്ങളാണ് ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ. അതിൽ ലോക പ്രസിദ്ധ ഏജൻസിയായ എസ്&പി അമേരിക്കയുടെ റേറ്റിംഗ് ഏറ്റവും വലിയ നിലയിൽ നിന്നും ഒരു ചുവട്, 1917-ന് ശേഷം, ആദ്യമായി താഴ്ത്തി. എല്ലാക്കാലത്തും അമേരിക്ക കടം വാങ്ങി ജീവിക്കുന്ന ഒരു രാജ്യമാണ്; കടം വാങ്ങിയ ധനം ഉല്പാദനേതര ചെലവുകൾക്കായി ഉപയോഗിച്ചതും ഇപ്പോഴത്തെ സാമ്പത്തിക പ്രതിസന്ധിക്ക് കാരണമായിട്ടുണ്ട്.

2005-06 കാലഘട്ടത്തിൽ അമേരിക്ക അനുഭവിച്ച ഡബ് പ്രൈം പ്രതിസന്ധിയുടെ ഒരു തുടർച്ചയായി ഇതിനെ കണക്കാക്കാം. അന്ന് അവിടെ പല ബാങ്കുകളും ധനകാര്യ സ്ഥാപനങ്ങളും അടച്ചു പൂട്ടുകയും ചെയ്തു. ബാങ്കിംഗ് മേഖലയെ രക്ഷിക്കാൻ സർക്കാർ ചില സാമ്പത്തിക സഹായ പാക്കേജുകൾ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. പക്ഷേ ആ പ്രതിസന്ധിയിൽ നിന്നും ധനകാര്യ മേഖല പ്രത്യേകിച്ചൊന്നും പഠിച്ചില്ലായെന്നാണ് ഇപ്പോഴത്തെ പ്രതിസന്ധി കാണിക്കുന്നത്. ഉല്പ വിപണിയിൽ ഉല്പാദകരെക്കാളും ഉപഭോക്താക്കളെക്കാളും നിക്ഷേപകരും നിക്ഷേപ ഭാഗ്യാന്വേഷികളും ഇല്ലാത്ത പണമിട്ട് വിഹരിക്കുമ്പോൾ വിപണിയുടെ ബാലൻസ് തകരും; ഭാഗ്യാന്വേഷികൾക്ക് വിപണിയുടെ നിലനില്പല്ല അമിത ലാഭമാണെല്ലോ ലക്ഷ്യം. അപ്പോൾ പൊതുജനത്തിനും ശരിക്കുള്ള നിക്ഷേപകർക്കും വിപണിയിൽ താല്പര്യം കുറയും.

ഈ അമേരിക്കൻ പ്രതിസന്ധി ഇന്ത്യയെ ബാധിക്കില്ലായെന്നൊക്കെ ഗവണ്മെന്റ് പറയുന്നുണ്ടെങ്കിലും കാര്യങ്ങൾ അത്രക്ക് ശുഭകരമല്ല. ഇന്നത്തെ ആഗോള വല്ക്കരിക്കപ്പെട്ട സാമ്പത്തിക-കമ്പോള മേഖലയിലെ ചലനങ്ങളിൽ നിന്നും ഒരു രാജ്യത്തിനും മാറി നില്ക്കാൻ സാധിക്കില്ല; വിശേഷിച്ചും ഇന്ത്യ, ചൈന പോലുള്ള വികസ്വര രാജ്യങ്ങൾക്ക്. അമേരിക്കൻ ഓഹരി കമ്പോളത്തിലുണ്ടായതിൽ കൂടുതൽ വിലയിടിവാണ് നമ്മുടെ കമ്പോളത്തിലുണ്ടായത്. അതു പോലെ നമുക്ക് ഏറ്റവും കൂടുതൽ കയറ്റുമതിയുള്ളതും അമേരിക്കയുമായിട്ടാണല്ലോ, അതിൽ തന്നെ നമ്മുടെസംസ്ഥാനത്തിന്റെ മത്സ്യം, കശുവണ്ടി, സുഗന്ധവ്യഞ്ജനങ്ങൾ എന്നിവയുടെ കാര്യത്തിലും പ്രയാസങ്ങൾ നേരിടാം. ഡോളറിന്റെ വില ക്രമാതീതമായി കുറയുന്നതും നമ്മുടെ കയറ്റുമതിയെ ദോഷകരമായി ബാധിക്കും.

ജപ്പാൻ, ചൈന, ഇന്ത്യ എന്നീ രാജ്യങ്ങളാണ് അമേരിക്കൻ കടപത്രങ്ങളിലും ഡോളറിലും ഏറ്റവും കൂടുതൽ നിക്ഷേപം നടത്തിയിട്ടുള്ളത്. അപ്പോൾ ഡോളറിന്റെ വില കയറാതെ നോക്കേണ്ടതും ഈ രാജ്യങ്ങളുടെ ഉത്തരവാദിത്വമാകുന്നു വിശേഷിച്ചും ⇨

ആദ്യത്തെ രണ്ട് രാജ്യങ്ങളുടെ. അതു കൊണ്ടായിരിക്കാം ഈ പ്രതിസന്ധിയിലും ഡോളറിനും കടപത്രങ്ങൾക്കും പ്രത്യേകിച്ച് വിലക്കുറവൊന്നും ഇതുവരെയും ഉണ്ടാകാത്തത്.

സാമ്പത്തിക പ്രതിസന്ധി യൂറോപ്പ്യൻ രാജ്യങ്ങളെയും ബാധിക്കുന്നുണ്ട്.- ഗ്രീസ്, പോർട്ട്ഗീസ്, സ്പെയിൻ, ഇറ്റലി എന്നിവിടങ്ങളിലൊക്കെ പ്രശ്നങ്ങളാണ്. ഗവണ്മെന്റുകളുടെ ഉദാരമായ ക്ഷേമപദ്ധതികൾ കാരണം ജനങ്ങൾ പൊതുവെ മടിയന്മാരായി മാറുന്നു. ഗ്രീസിൽ 55 വയസിൽ പെൻഷൻ പറ്റിയാൽ ഭാരിച്ച പെൻഷൻ കൊച്ചുമക്കളുടെ കാലം വരെ കിട്ടും. ഇതിൽ നിന്നും നമുക്ക് എന്തെങ്കിലും പഠിക്കാനുണ്ടോയെന്ന് നോക്കണം.

ഈ പ്രതിസന്ധിക്കിടയിൽ സ്വർണ്ണവില വാണം പോലെ ഉയരുകയാണ്; പവന് 20000 രൂപ കവിഞ്ഞു. ഈ ലോഹത്തോടെ ഒരു വൈകാരിക ബന്ധമുള്ള നമ്മുടെ നാട്ടിൽ ഇത് പല പ്രശ്നങ്ങളുമുണ്ടാക്കും. ഇപ്പോൾ രാജ്യങ്ങളും സ്വർണ്ണം കരുതൽ ധനമായി ശേഖരിക്കുന്നതും വില വർദ്ധനവിന് കാരണമാകുന്നു. അതേ സമയം ക്രൂഡോയിലിന്റെ വില കുറയുന്നു. വ്യാവസായിക ഉല്പാദനം കുറയുന്നതും ഇതിനൊരു കാരണമാണ്. കൂടാതെ മാറിയ സാമ്പത്തിക ഘടനയിൽ എണ്ണയിലെ നിക്ഷേപം അത്ര സുരക്ഷിതമല്ലെന്നാണ് ഊഹകച്ചവടക്കാരുടെ കണക്കു കൂട്ടൽ. അങ്ങനെ വരുമ്പോൾ തല്ക്കാലത്തേക്കെങ്കിലും സ്വർണ്ണ നിക്ഷേപങ്ങൾ സുരക്ഷിതമാണ്.

സമ്പാദ്യശീലമുള്ള ഏഷ്യൻ രാജ്യങ്ങളുടെ ചിലവിലാണിപ്പോൾ യൂറോപ്യൻ രാജ്യങ്ങളും അമേരിക്കയും ജീവിക്കുന്നത്. ഈ രാജ്യങ്ങളൂടെ കടപ്പത്രങ്ങളിൽ സമ്പാദ്യം നിക്ഷേപിച്ചിരിക്കുന്നതു കൊണ്ട് അതിന്റെ വില കുറയാതെ നോക്കേണ്ടതും നിക്ഷേപകരുടെ ഉത്തരവാദിത്വമാകുന്നു. ഇതിനിടയ്ക്കാണ് അമേരിക്കൻ സെനറ്റ് കൂടുതൽ കടം വാങ്ങാനുള്ള അനുവാദം ഗവണ്മെന്റിന് നല്കിയതും.

ഇതിൽ നിന്നൊക്കെ നമ്മൾ ഒരു കാര്യം മനസിലാക്കണം- ഇതൊരു പ്രത്യേക സാഹചര്യമാണ്, അതിനെ എങ്ങനെ ആർക്കും ചേതമില്ലാതെ തരണം ചെയ്യാമെന്നാണ് നോക്കേണ്ടത്. അങ്ങോട്ടും ഇങ്ങോട്ടും കുറ്റം പറഞ്ഞിട്ട് ഒരു കാര്യവുമില്ല. ഐ.റ്റി മേഖലയിലെ കഴിഞ്ഞ വർഷങ്ങളിലെ വളർച്ച നമുക്ക് നേടാനാവുമോയെന്ന് സംശയമാണ്. ചിലവ് ചുരുക്കലും മിതവ്യയവും ഒരു പോംവഴിയായി കർശനമായി നടപ്പിലാക്കണം. അപ്പോൾ ചില പ്രയാസങ്ങളൊക്കെ ഉണ്ടായേക്കാം. അതിനെ ഒരു വലിയ പ്രതിസന്ധി തരണം ചെയ്യാനുള്ള ത്യാഗങ്ങളായി കണക്കാക്കണം. ഇന്നത്തെ ആഗോളവല്കൃതമായ സാമ്പത്തിക ക്രമത്തിൽ സ്വതന്ത്ര നിലപാടുകളെക്കാളും കൂട്ടായ നിലപാടുകൾക്കാണ് പ്രസക്തിയെന്നുള്ള കാര്യം ശ്രദ്ധിക്കണം. ആഡംബരത്തിന്റെയും ധാരാളിത്തത്തിന്റെയും കാലം കഴിഞ്ഞു- കമ്മിബഡ്ജറ്റിന്റെ പ്രസക്തിയെ കുറിച്ചൊരു പുനർവിചിന്തനവും ആവശ്യമാണ്. ഇപ്പോൾ സർക്കാരുകളൊക്കെ സാമ്പത്തികമായി പാപ്പരും സമൂഹം വളരെ ശക്തവുമാണല്ലോ. ആ സാഹചര്യത്തെ എങ്ങനെ നാട്ടിന്റെ നന്മക്കായി പ്രയോജനപ്പെടുത്താമെന്ന് ചിന്തിക്കണം.

✵

# സമ്പന്നതയുടെ എളിമ

Er.K.Sasi, Kannur

ഏത് വൃത്തികെട്ട മാർഗത്തിലൂടെയും പണം സമ്പാദിക്കുക. പണം വന്നാൽ എന്തുമാകാമെന്ന് ധരിക്കുക. ഇന്ന് കാണുന്ന ഒരു സവിശേഷ പ്രതിഭാസമാണ് ഇത്. എളുപ്പ വഴിയിലൂടെ ധനവാനാകാനുള്ള വളഞ്ഞ വഴിയിൽ പോയി സമ്പാദ്യം തുലച്ചവരും ഏറെയാണ്. അങ്ങിനെയുള്ളവർക്കായി ഒരു എളിയ സമ്പന്നനെ പരിചയപ്പെടുത്താം.

പതിനൊന്നാം വയസ്സിൽ ഒരു കമ്പനിയുടെ ഓഹരി ആദ്യമായി വാങ്ങി. അത് വളരെ വൈകിയെന്ന് വിശ്വസിക്കുന്നയാൾ. പതിനാലാം വയസ്സിൽ ന്യൂസ്പേപ്പർ വിറ്റ് സമ്പാദിച്ച പണം കൊണ്ട് ഒരു കൃഷിസ്ഥലം വാങ്ങി. ഒന്നരലക്ഷം രൂപ കാരുണ്യ പ്രവർത്തനങ്ങൾക്കായി നൽകിയ ഒരു എളിയ സമ്പന്നൻ. എൺപതിലെത്തി നിൽക്കുന്ന ഒരമേരിക്കക്കാരൻ. ലോക സമ്പന്നരിൽ രണ്ടാം സ്ഥാനക്കാരൻ. വാറൻ ബുഫെ.

വേലിയൊ മതിലൊ ഇല്ലാത്ത പുരയിടത്തിലെ ഒരു ചെറിയ മൂന്ന്മുറി വീട്ടലാണ് ഈ ലോക കോടീശ്വരൻ താമസിക്കുന്നത്. അതും അൻപത്തിയഞ്ചു വർഷം പഴക്കമുള്ളത്. തനിക്കാവശ്യമുള്ളതെല്ലാം ഈ വീട്ടിലുണ്ടെന്ന് അദ്ദേഹം അവകാശപ്പെടുന്നു. ലോകത്തിലെ ഏറ്റവും വലിയ വിമാനക്കമ്പനി ഉടമയായിട്ടും ഒരിക്കൽ പോലും സ്വകാര്യ വിമാനത്തിൽ യാത്ര ചെയ്തിട്ടില്ല. സ്വന്തം കാറിൽ സ്വയം ഡ്രൈവ് ചെയ്താണ് യാത്ര. പൊങ്ങച്ചത്തിനായി ഉന്നതരുമായിട്ടുള്ള കൂട്ടുകെട്ട് ഉണ്ടായിരുന്നില്ല. വീട്ടിൽ നേരത്തെ എത്തിയ ദിവസങ്ങളിൽ എന്തെങ്കിലും ഭക്ഷണം സ്വയം പാചകം ചെയ്ത് കഴിക്കും. സമയം കിട്ടിയാൽ ടി.വി. ആസ്വദിക്കും. കമ്പ്യൂട്ടറൊ മൊബൈൽ ഫോണൊ ഉപയോഗിക്കാറില്ല എന്നത് അതിശയമല്ല അത്ഭുതമായി തോന്നുന്നു.

ലോക ഒന്നാം നമ്പർ കോടീശ്വരൻ ബിൽ ഗെയിറ്റിനെ എട്ട് കൊല്ലം മുമ്പാണ് വാറൻ ബുഫെ ആദ്യമായി കാണുന്നത്. കൂടിക്കാഴ്ചക്ക് അഭ്യർത്ഥിച്ചപ്പോൾ അനുവാദം കിട്ടിയില്ല. ഒടുവിൽ അരമണിക്കൂർ സമയം അനുവദിച്ചു. കൂടിക്കാഴ്ച ആരംഭിച്ചു കഴിഞ്ഞപ്പോൾ ബിൽഗെയിറ്റിന് വാറൻ ബുഫെയിൽ എന്തോ സവിശേഷതയുള്ളതായി തോന്നി. വേറിട്ടൊരനുഭവം.കൂടിക്കാഴ്ച അര മണിക്കൂറിൽ നിന്ന് പത്ത് മണിക്കൂറായി നീണ്ടു. ഇന്നും ബിൽഗെയിറ്റ് വാറൻ ബുഫെയുടെ ആരാധകനാണ്.

***വാറൻ ബുഫെ ലോകത്തോട് പറയുന്നത്;***

- കുട്ടികളെ സമ്പാദ്യ ശീലം ശീലിപ്പിക്കുക. ചെറിയ സമ്പാദ്യങ്ങൾ കൊണ്ട് ധാരാളം കാര്യങ്ങൾ ചെയ്യുവാൻ സാധിക്കും.
- കുട്ടികളെ ഏതെങ്കിലും ജോലി ചെയ്യാൻ പ്രോത്സാഹിപ്പിക്കുക.
- യഥാർത്ഥ ആവശ്യത്തിൽ കവിഞ്ഞതൊന്നും വാങ്ങിക്കരുത്. കുട്ടികളെ ഇങ്ങനെ ചിന്തിപ്പിക്കാനും ചെയ്യാനും ശീലിപ്പിക്കുക.
- നിങ്ങൾ ആരാണെങ്കിലും എവിടെയാണെങ്കിലും നിങ്ങൾ നിങ്ങളാണ്.
- ആവശ്യങ്ങൾ കുറഞ്ഞ ചെലവിൽ നിറവേറ്റാൻ ശീലിക്കുക.
- ജാഡ കാണിക്കാതിരിക്കുക. നിങ്ങൾ നിങ്ങളായിത്തന്നെ ഇരിക്കുക. സന്തോഷം തരുന്ന ജോലികൾ ചെയ്യുക.
- ചെറുപ്പക്കാരോട് അദ്ദേഹത്തിന് പറയുവാനുള്ളത്;
- ക്രെഡിറ്റ് കാർഡിൽ നിന്നും ബാങ്ക് ലോണിൽ നിന്നും വിട്ടു നിൽക്കുക.
- പണം മനുഷ്യനെ സൃഷ്ടിക്കുന്നില്ല, മനുഷ്യനാണ് പണത്തെ സൃഷ്ടിക്കുന്നത്.
- സാധിക്കുന്നത്രയും ലളിതമായി ജീവിക്കുക.

⇨

- മറ്റുള്ളവർ പറയുന്നതുപോലെ ചെയ്യരുത്. അവർ പറയുന്നത് ശ്രദ്ധിക്കുക. നിങ്ങൾക്ക് ശരിയെന്ന് തോന്നുന്നത് ചെയ്യുക.
- ബ്രാൻഡ് സാധനങ്ങളുടെ പുറകെ പോകാതെ സ്വയം സുഖം തോന്നുവ ഉപയോഗിക്കുക.
- പണം അനാവശ്യമായി ചെലവഴിക്കരുത്. പണം വളരെ അത്യാവശ്യത്തിന് മാത്രം ഉപയോഗിക്കുക.
- ഇത് നിങ്ങളുടെ ജീവിതമാണ്. പിന്നെന്തിനാണ് അത് നിയന്ത്രിക്കാനായി മറ്റുള്ളവർക്ക് അവസരം നൽകുന്നത്?

ഇന്ന് സ്ഥാപന ഉടമകൾ സ്ഥാപനത്തിന്റെ നിലനിൽപ്പിനും വളർച്ചക്കും ഏറെ പാടു പെടുന്നു. ദിവസവും പല പ്രാവശ്യം ഫോൺ വിളിച്ച് ബന്ധപ്പെട്ടവരെ കാര്യങ്ങൾ ഓർമിപ്പിക്കുകയും ബോധ്യപ്പെടുത്തുകയും ചെയ്യുന്നു. മാസത്തിൽ മിക്ക ദിവസങ്ങളിലും ഏറെ നേരം മീറ്റിങ്ങിനായി മാറ്റി വെക്കുന്നു. ഇങ്ങിനെ ഹൈ ടെക് യുഗത്തിൽ ഉടമകൾ കമ്പനിഭരണം നിർവഹിക്കുമ്പോൾഅറുപത്തി മൂന്ന് കമ്പനികളുടെ ഉടമയായ വാറൻ ബുഫെ ചെയ്തിരുന്നത് അനുകരണീയമാണോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. വർഷത്തിൽ ഒരു കത്ത് കമ്പനി മേധാവികൾക്കയക്കും. ആ വർഷത്തെ ലക്ഷ്യം അറിയിച്ചുകൊണ്ടുള്ള കത്ത്.അതോടൊപ്പം രണ്ട് നിർദ്ദേശങ്ങൾ നൽകാറുണ്ട്.

1. നിങ്ങളുടെ നിക്ഷേപകരുടെ പണം ഒരിക്കലും നഷ്ടപ്പെടുത്തരുത്
2. ആദ്യത്തെ നിർദ്ദേശം മറക്കരുത്.
3. ഇതിനോടനുബന്ധിച്ച് സ്ഥാപന ഉടമകളോട് അദ്ദേഹത്തിന് പറയാനുള്ളത്

- ഓരോ സ്ഥാനത്തിനും യോജിച്ചവരെ നിയമിക്കുക.

സമ്പന്നനാകാൻ വളഞ്ഞ വഴിയൊ വൃത്തികെട്ട മാർഗങ്ങളോ ആവശ്യമില്ല. സമ്പന്നത എളിമക്കാഭരണമാക്കി വാറൻ ബുഫെ തെളിയിച്ചിരിക്കുന്നു.

✵



2011 ഓഗസ്റ്റ് 2
TVM ചൊവ്വ
മംഗളം

# ഞെരുക്കത്തിലായിട്ടും വൈദ്യുതി ബോർഡിൽ പുതിയ തസ്തികകൾക്കു നീക്കം

■ സ്വന്തംലേഖകൻ
കോഴിക്കോട്

സാമ്പത്തിക പ്രതിസന്ധിയിലായിട്ടും അനാവശ്യമായി ഉന്നത തസ്തികകൾ സൃഷ്ടിച്ച് വൈദ്യുതി ബോർഡിൽ വൻധൂർത്തിനു നീക്കം. സിവിൽ വിഭാഗത്തിൽ നിലവിലുള്ള മേധാവികൾക്കു കാര്യമായ ജോലിയില്ലാതിരിക്കെയാണു പുതിയ തസ്തികകൾ സൃഷ്ടിക്കാൻ രഹസ്യമായി ഫയലുകൾ നീക്കുന്നത്. ഇന്നു ചേരുന്ന സമ്പൂർണ ബോർഡ്യോഗത്തിൽ ഇതു സമർപ്പിക്കാൻ സാധ്യതയുണ്ടെന്നു ചൂണ്ടിക്കാട്ടുന്നു. രണ്ടു ചീഫ് എൻജിനീയർ, നാലു ഡെപ്യൂട്ടി ചീഫ് എൻജിനീയർ, അഞ്ച് എക്സിക്യൂട്ടിവ് എൻജിനിയർ തസ്തികകൾ പുതുതായി ഉണ്ടാക്കാനാണ് ഉന്നതതല ആലോചന.

ഇതിനു പുറമേ രണ്ടു ഡെപ്യൂട്ടി ചീഫ് എൻജിനീയർമാർക്കു ചീഫ് എൻജിനീയർ റാങ്ക് നൽകാനും ചരടു...

എൻജിനീയർമാർക്കും മറ്റുന്നത ഉദ്യോഗസ്ഥർക്കുംജോലിയില്ലാത്തതിനാൽ ഇവരിൽ ചിലർ വൻകിട സ്വകാര്യ കെട്ടിടനിർമാണത്തിനു മേൽനോട്ടം വഹിക്കാൻ പോകുന്നതായി ആരോപണമുണ്ട്. ചീഫ് എൻജിനീയർക്കു 80,000 രൂപയും ഡെപ്യൂട്ടി ചീഫ് എൻജിനീയർക്കു 60,000 രൂപയും എക്സിക്യൂട്ടീവ് എൻജിനീയർക്കു 45,000 രൂപയുമാണു പ്രതിമാസശമ്പളം. ഇതിനു പുറമേ മറ്റാനുകൂല്യവുമുണ്ട്. ശമ്പള പരിഷ്ക്കരണത്തിനു സർക്കാരിന്റെ അനുമതി ലഭിക്കുന്നതോടെ കാര്യമായ വർധനയുണ്ടാകും.

കഴിഞ്ഞ അഞ്ചുവർഷം പുതുതായി ഉന്നത തസ്തികയൊന്നും തന്നെ സൃഷ്ടിച്ചില്ല. വിഭാവനം ചെയ്ത പദ്ധതികളുടെ റിപ്പോർട്ടുകൾ പൂർത്തിയാക്കാൻ പോലും സിവിൽ വിഭാഗത്തിനു കഴിഞ്ഞില്ലെന്നു ചൂണ്ടിക്കാട്ടുന്നു. നിലവിലുള്ളവരെക്കൊണ്ടുതന്നെ ഇവ നടപ്പാക്കാൻ കഴിയും. തസ്തിക കൂട്ടുന്നതിന്റെ കാരണം ബോർഡ് നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നവർക്കു...

...മ്മിൽ ഭിന്നതയിലാണ്. തന്നെ ഒഴിവാക്കണമെന്നു ചെയർമാന്റെ ചുമതലയുള്ള നികുതി സെക്രട്ടറി വി.പി. ജോയി മന്ത്രിയോട് ആവശ്യപ്പെട്ടിരുന്നെങ്കിലും പകരക്കാരനെ കണ്ടെത്താത്തതിനാൽ വിസമ്മതിച്ചു. ഇതോടെ ഇരുവരും തമ്മിൽ അകൽച്ചയേറി. പല സുപ്രധാന തീരുമാനങ്ങളും എടുക്കാനാകാത്ത സ്ഥിതിയാണുള്ളത്. എക്സിക്യൂട്ടിവ് എൻജിനീയർമാരുടെ സ്ഥലംമാറ്റ ഉത്തരവ് വിവാദമുയർത്തി. മന്ത്രിയുടെ ഓഫീസിൽ നിന്നു നിർദേശിച്ച ചിലരുടെ പേരുകൾ ഒഴിവാക്കിയാണ് ഉത്തരവിറങ്ങിയത്. അതിനാൽ ഇതു പിടിച്ചു വയ്ക്കാൻ മന്ത്രിയുടെ ഓഫീസിൽ നിന്നു നിർദേശിച്ചു. പിന്നീട് ഇറങ്ങിയ ഉത്തരവും ഇടതുപക്ഷത്തോടു കൂറുപുലർത്തുന്നവർക്ക്അനുകൂലമാണ്.

മന്ത്രി ആര്യാടൻ മുഹമ്മദ് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിൽ ഇതേ ചുമതല വഹിച്ചപ്പോൾ ബോർഡ് വൻനേട്ടമുണ്ടാക്കി. നേതൃത്വം നൽകാൻ നല്ല ടീമുണ്ടായിരുന്നു. ഏകോപനമോ നിയന്ത്രിക്കാൻ ആളോ ഇല്ലാ...

# Kerala State Electricity Board

## Abstract

Effecting Service Connections without realizing cost to residence of students attending SSLC examination - extending the validity - Sanctioned - Orders Issued

---

Distribution Profit Centre

BO (FM) (Genl) No 1818/2011(DPC II/AE/OTP.01/2010 (2011))Dated Thiruvananthapuram, 21.07.2011

---

Read: 1 BO (FM) (Genl) No 1837/2010 (DPC II/AE/OTP.01/2010) dated 16.07.2010

2 BO (FM) (Genl) No 2622/2010 (DPC II/AE/OTP.01/2010) dated 08.10.2010

**Order**

Board vide Order read as 1st paper above authorised Deputy Chief Engineers of Electrical Circles to sanction special priority for Weather Proof service connections and also service connections requiring line extension up to and including 235 metres (200 metres OH + 35 metres WP), for domestic purpose under normal development scheme, without limitation of target date to residence of students of government / aided school who are attending SSLC examination in the school year (2010 - 2011) subject conditions.

Board vide order 2nd cited delegated the authority to sanction such service connections without limitation of target date to Assistant Engineers of Electrical Section subject to satisfying the conditions stipulated in Board Order read as 1st paper above.

A number of requests has been received to extend the validity of the Board Orders.

Board after considering the issues in detail, decided that Board Orders read above, permitting special priority for Weather Proof service connections and also service connections requiring line extension up to and including 235 metres (200 metres OH + 35 metres WP), for domestic purpose under normal development scheme, without limitation of target date to residence of students of government / aided school who are attending SSLC examination may be continued until further orders, subject to satisfying the conditions stipulated in Board Order read as 1st paper above:

Orders are issued accordingly

By Order of the Board<br>
Sd/-<br>
S Roopakala Jagath<br>
**Secretary**

# KERALA STATE ELECTRICITY BOARD

Power Engineers' Training And Research Centre
( PETARC )
Moolamattom, Idukki Dist, Kerala. PIN 685 589 Tel. 04862 252378. Fax. 252378
email: petarc_arklm@bsnl.in, petarckseb@gmail.com

No. PET – 80/11-12/ 12.08.2011

## N O T I C E

### Training Programs for the month of September 2011 at PETARC – Inviting nominations of Trainees

As per the approved Training Calendar for PETARC for the year 2011-12, the following training programs are proposed to be conducted at PETARC, Moolamattom for the month of September 2011.

| Sl.No | Name of the program | Training days | Participants |
|---|---|---|---|
| 1 | Service Tax, WCT, VAT, Income Tax, Excise Duty, Customs Duties etc. | 01.09.2011 to 03.09.2011 | All officers |
| 2 | Communication, SCADA & Fibre Optic Cables and Systems | 13.09.2011 to 17.09.2011 | AE/AEE |
| 3 | Safety Awareness Program for Distribution Engineers | 19.09.2011 to 20.09.2011 | Engineers in Distribution wing |
| 4 | Management Training for Assistant Executive Engineers | 22.09.2011 to 24.09.2011 | AEE |
| 5 | Restructuring of Utilities under Companies Act | 26.09.2011 to 30.09.2011 | DA/AFO/FO |

Officers who have not attended the Training Programmes, may forward their nominations through controlling officers so as to reach PETARC at the earliest.

Please note that those who are selected from the nominations will be intimated in due course.

Sd/-
DIRECTOR, PETARC, Moolamattom

# September 15th- Engineers Day

## Sri:Mokshagundam Visvesvaraya




September 15th of every year is celebrated as Engineers Day in India and it is the birth day of one of the eminent engineer of India Bharat Ratna Sri:Mokshagundam Visvesvaraya and affectionately known as Sir.M.V. among his admirers. Mokshagundam Visvesvaraya was born on 15th September 1860 at Muddenahalli, Karnataka. His Parents are Srinivas Sastry and Venkachamma. He was a popular Indian engineer, scholar, and statesman. He finished his primary school at Chikkaballapur and high school in Bangalore. In 1881, he completed his degree from Madras University and he finished his civil engineering at the College of Science, Pune. He was the first person to receive the Bharat Ratna in the year 1955. For his contribution to the public goodness, he was also knighted as a Commander of the Indian Empire by King George V. His birth date is celebrated as the Engineer's Day every year in India in his memory.

After completing his graduation as an engineer, he joined to work for the Public Works Department (PWD) of Bombay. Later he joined the Indian Irrigation Commission. He started an elaborate system of irrigation in the Deccan area. He designed a new system of autonomic embankment water floodgates. This was first installed at the Khadakvasla reservoir near Pune in the year 1903. These gates were used to raise the flood supply level of storage in the reservoir without any damage to the dam. After the success of this project, the same system was installed at the Krishnaraja Sagar (KRS) Dam in Mandya and Tigra Dam in Gwalior.

Mokshagudam Visvesvaraya worked as a supervisor at the construction of the KRS Dam across the Cauvery River. This Dam was the biggest reservoir in Asia at the time. He was called as the Father of Modern Mysore State. The Government of Mysore state gave the responsibilities for the founding of the Parasitoide, Mysore Soap Factory, the Mysore Iron & Steel Works (now called

⇨

Visvesvaraya Iron and Steel Limited) in Bhadravathi, The Sri Jayachamara njendra Polytechnic Institute, The State Bank of Mysore, The Bangalore Agricultural University, Mysore Chambers of Commerce, The Century Club and other several ventures.

After his retirement in 1908, he was appointed as Chief Engineer of Mysore State. He was instrumental in the founding of the Government Engineering College at Bangalore in 1917, one of the first engineering institutes in India and later this name was changed to University Visvesvaraya College of Engineering (UVCE). Some of the awards and honors given to Mokshagundam Visvesvaraya were Fellowship of the Indian Institute of Science, Bangalore in 1959, Bharatha Ratna in 1955, Doctorate by LLD, Mysore University in 1948, K.C.I.E. (Knight Commander of the Order of the Indian Empire) in 1915 and Honorary Membership of London Institution of Civil Engineers for an unbroken period of 50 years in the year 1904.

So Association call upon all Engineers to rise to the occasion leaving aside petty personal and group rivalries and strive for nation building using their rare knowledge and intelligence.



Er.A.Podiyan,Chief Engineer Distribution (South) and Er.K.Radhakrishna Kumar, Dy. Chief Engineer, Ele. Circle, Pathanamthitta receiving best Distribution Circle Award 2010 from Sri Aryadan Muhammed, the Hon'ble Minister for Electricity

August 2011 Reg.No. KL/TV(N)/229/2009-11 Price ₹ 5
Licensed to Post without prepayment - No.KL/TV(N)WPP/65/ 2009 -11

KERALA STATE ELECTRICITY BOARD ENGINEERS ASSOCIATION
ENGINEERS HOUSE, T.C 26/1300, PANAVILA, TRIVANDRUM - 695 001
PHONE. 0471-2330696, FAX : 0471-2330853



Er.Mohammed Ali Rawther, Chief Engineer (Generation) and the engineers of Sabarigiri Hydro Electric Project receiving the Excellence award 2010-11 for the best Generating station from Sri Aryadan Muhammed, the Hon'ble Minister for Electricity.

# WISH YOU ALL A HAPPY ONAM






Edited, Printed & Published by Er. P. Murali, Chief Editor, Hydel Bullet for and on behalf of KSEB Engineers' Association, Panavila, Trivandrum-01 Ph: 2330696, web: ksebea.in
at Bhagath, Pattom, Trivandrum - 4 Ph: 0471- 4017097,bhagathpattom@yahoo.com

For private circulation only